(ബി) ഇത്തരം അപേക്ഷകർക്ക് ഈ സാമ്പത്തിക വർഷത്തിൽ തന്നെ മുൻഗണന നൽകുവാൻ ബോർഡിനു വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

പഞ്ചായത്ത് തെരഞ്ഞെടുപ്പ്

*72 [79] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും പഞ്ചായത്തു തെരഞ്ഞെടുപ്പ് ഹൈക്കോടതി സ്റ്റേ ചെയ്യുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ എവിടെയാണ്;

(സി) അപ്രകാരം സ്റ്റേ ചെയ്യുവാൻ ഹൈക്കോടതി എന്തു കാരണമാണ് പറഞ്ഞിട്ടുള്ളത്;

(ഡി) അപ്രകാരം സ്റ്റേ ചെയ്യപ്പെട്ടിടത്തെല്ലാം പഞ്ചായത്തു തെരഞ്ഞെടുപ്പ് നടക്കുകയുണ്ടായോ?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ):

(എ) മൂന്നു പഞ്ചായത്തുകളിലെ തെരഞ്ഞെടുപ്പ് ഹൈക്കോടതി താൽക്കാലികമായി സ്റ്റേ ചെയ്യുകയുണ്ടായി.

(ബി) പരപ്പനങ്ങാടി, തൈക്കാട്, മൂളിയാർ.

(സി) സ്റ്റേ ചെയ്യുന്നതിനു ഹൈക്കോടതി പ്രത്യേക കാരണം കാണിച്ചിട്ടില്ല. സ്റ്റേ താൽക്കാലികമായിരുന്നു. അതു പിന്നീട് പിൻവലിക്കുകയുണ്ടായി.

(ഡി) തെരഞ്ഞെടുപ്പ് നടത്തുകയുണ്ടായി.

ഗ്രാമീണ ജനങ്ങൾക്ക് വിദഗ്ദ്ധ ചികിൽസാ സൗകര്യങ്ങൾ

* 73 [80] ശ്രീ. സുകുമാരനുണ്ണി

,, കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ജനങ്ങൾക്ക് വിദഗ്ദ്ധ ചികിൽസാ സൗകര്യങ്ങൾ ലഭിക്കാൻ ഇന്നനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിലേയ്ക്ക് എന്തെങ്കിലും പദ്ധതി ഗവൺമെൻറിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഏകദേശ രൂപം വ്യക്തമാക്കാമോ?

പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ്മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഗ്രാമീണ ജനങ്ങൾക്ക് ചികിൽസാ സൗകര്യങ്ങൾ ലഭിക്കുന്നത് മുഖ്യമായും ഗ്രാമീണ ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും വഴിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ ഗ്രാമീണ ആശുപത്രികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും വിദഗ്ദ്ധ ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കുക വളരെയധികം ധനവ്യയമുള്ളതും പ്രയാസമുള്ളതുമായ കാര്യമാണ്. പക്ഷേ നാലു പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ഒന്നു വീതം തെരഞ്ഞെടുത്ത് കിടക്കകളുടെ എണ്ണം 30 ആയി വർദ്ധിപ്പിക്കുവാനും അവിടെ അടിസ്ഥാന വിദഗ്ദ്ധ ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കുവാനും പരിപാടികൾ ആവിഷ്ക്കരിച്ചു വരുന്നു. ഇതിന് പുറമേ 1979 ഏപ്രിൽ മാസത്തിൽകൂടിയ ആരോഗ്യ കുടുംബക്ഷേമ സെൻട്രൽ കൗൺസിൽ യോഗത്തിന്റെ തീരുമാനപ്രകാരം ജില്ല/താലൂക്ക് ആശുപത്രികളിലെ നിശ്ചിത ശതമാനം കിടക്കകൾ ഗ്രാമീണ ജനങ്ങൾക്ക് വിദഗ്ദ്ധ ചികിൽസ ലഭ്യമാക്കുവാൻ വേണ്ടി സംവരണം ചെയ്യുന്നതിനും ചില നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിഗണിക്കുന്നുണ്ട്.

സ്ളാബ് സിസ്റ്റം

* 74 [81] ശ്രീ. കെ. പി. രാമൻ:

,, ഈപ്പൻ കണ്ടക്കുടി:

,, ഡോക്ടർ ജോർജ്ജ് മാത്യു:

,, എം. വി. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബോർഡിൽ സ്ളാബ് വ്യവസ്ഥ എന്നു മുതലാണ് നടപ്പിലാക്കിയത്. ഇതിന്റെ ഉദ്ദേശമെന്ത്;

(ബി) ഈ സ്ളാബ് സിസ്റ്റം ഏർപ്പെടുത്തിയതു സംബന്ധിച്ച് ഉപഭോക്താക്കളിൽനിന്നും എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉപഭോക്താക്കൾക്ക് പലർക്കും ഇതുമൂലം നഷ്ടം സംഭവിച്ചിട്ടുണ്ട് എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുതിയ സംപ്രദായം മൂലം കൂടുതൽ തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുത്തിയതായി ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാരിൽ നിന്നുംപരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ആയിരത്തി തൊള്ളായിരത്തി എഴുപത്തി ഒൻപത് ജൂൺ മാസം പതിനഞ്ചാം തീയതി മുതൽ കറൻറിന്റെ ഉൽപ്പാദന വിതരണ രംഗത്ത് 1977-നുശേഷം ഉണ്ടായിട്ടുള്ള സാധനസാമഗ്രികളുടെ വില വർദ്ധനവ് കാരണവും ബോർഡിലെ ജീവനക്കാർക്ക് നൽകുന്ന മെച്ചപ്പെട്ട സേവന വ്യവസ്ഥകൾ കാരണവും ഉണ്ടാകുന്ന അധികച്ചിലവിന് അനുസരണമായി ഉപഭോക്താക്കളിൽ നിന്നും അധിക നിരക്കുകൾ ഈടാക്കാതെ തന്നെ അത് നിയന്ത്രിക്കാൻ ഉതകത്തക്ക രീതിയിൽ ചില ജോലികൾ നിയന്ത്രിച്ചും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിച്ചും ചിട്ടപ്പെടുത്തി ഉണ്ടാക്കിയതാണ് സ്ളാബ് സംപ്രദായം.

LIBRARY ARCHIVES Kerala Legislative Assembly